മെയ് ദിനവും മീസാൻ കല്ലുകളും

ഷൗക്കത്തലീ ഖാൻ

മെയ് ദിനവും മീസാൻ കല്ലുകളും
ഷൗക്കത്തലീ ഖാൻ
(മലയാളം: ചെറുകഥ)

© 2021, Shoukathali Khan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Refugees, a painting by John Henry Amschewitz. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മെയ് ദിനവും മീസാൻ കല്ലുകളും

ഈ മെയ് രണ്ടിന് 45 വർഷങ്ങൾ തികയുന്ന ആ ദിവസത്തിന്. കബറടക്കം കഴിഞ്ഞ് ചീർണിയുമായി എരമംഗലം പള്ളിയിലേക്ക് ഉസ്മാൻക്ക എന്നേയും കൂടി കൊണ്ടുപോയി. ഖത്തപ്പെര കെട്ടി മീസാൻ കല്ലിന് സമീപം ഒരു ബെഞ്ചിട്ട് ഓതുന്നുണ്ട് രണ്ട് മെയ്ല്യാക്കുട്ടികൾ. കാട്ടപ്പയും തുവാക്കൊടിമ്പച്ചികളും അപരിചിതത്വത്തോടെ തുറിച്ച നോക്കി. പള്ളിക്കാട്ടിൽ അഹങ്കാരത്തോടെ അലറി വിളിച്ച് ഒച്ചപ്പാടുണ്ടാക്കുന്ന ഒരു കരിമ്പനയുണ്ടായിരുന്നു. അതിന്റെ താഴെ രണ്ട് മീസാൻകല്ലും. വിറക്കുന്ന കൈകൾ മുറുക്കിപ്പിടിച്ച് വായിച്ച നോക്കി. 'ചെറ്റാറയിൽ മൊയ്തുണ്ണി' 1975 മെയ് 1. എഴുതിയത് വായിച്ച് ഞാൻ ഏങ്ങിയേങ്ങി കരഞ്ഞു. ഇക്കാക്ക അന്ന് ഒൻപത് വയസ്സുള്ള എന്നെ ചേർത്ത് പിടിച്ച് പറഞ്ഞു 'ഇനി കരഞ്ഞിട്ട് കാര്യമില്ല. നമ്മുടെ ഉപ്പ മരിച്ചു. മരണം എല്ലാവർക്കും ഉള്ളതാണ്. നീയും മരിക്കും ഞാനും മരിക്കും എല്ലാവരും മരിക്കും'. യാസീനിലെ മുബീനിന്റെ തെല്ലത്തിരുന്ന മെയ്ല്യാക്കുട്ടികൾ എത്തിച്ച് നോക്കി. കരിമ്പനകൾ ഒച്ചപ്പെട്ടു. ഉണ്ണീൻ കുട്ടി മുസ്ല്യാർ വന്ന ദുആ ഇരന്നു. ചീർണിയും പാലൊഴിച്ച പഞ്ചാരച്ചായയും കൊടുത്ത് കരിമ്പനകളുടെ താഴെയുള്ള മീസാൻ കല്ലുകൾക്ക് അദ്ദേഹത്തെ വിട്ടുകൊടുത്ത് മൂക്ക് പിഴിഞ്ഞ് ഞങ്ങൾ തിരിച്ച പോന്നു.

ഇന്നും ഏത് മീസാൻ കല്ല് കണ്ടാലും എനിക്ക് കരച്ചിൽ വരും. ഹൃദയ ദ്രവീകരണ ശക്തിയുള്ള ഏത് ദേസ്തേവ്സ്കിയാണ് മീസാൻ കല്ലിൽ പേരെഴുതി വെയ്ക്കുന്നത്. എന്നെ ഏറ്റവുമധികം സങ്കടപ്പെടുത്തുന്ന കരിങ്കൽ കാവ്യങ്ങളാണ് മീസാൻ കല്ലുകളും അവയിലെ പേരുകളും. കോഴിക്കോട്ട് പോയി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ കബറും മീസാൻ കല്ലും കണ്ടപ്പോഴും ചിറയിൽ കീഴിൽ അബ്ദുൽ ഖാദർ എന്ന പ്രേംനസീറിന്റെ മീസാൻ കല്ല് കണ്ടപ്പോഴും ഒപ്പം പഠിച്ചിരുന്ന ബാങ്കിലെ യീസ്ഫുയുടെ അബ്ബുവിന്റെ മീസാൻ കല്ല് കണ്ടപ്പോഴും പിന്നെ രണ്ട് മൂന്ന് ദിവസങ്ങൾ ഉറങ്ങിയിട്ട് തന്നെയില്ല. 1975 മെയ് രണ്ടിന് ശേഷമാണ് ഈ സൂക്കേട്ട് എനിക്ക് തുടങ്ങിയത്. 1975 മെയ് ഒന്നിന് ഒരു വ്യാഴാഴ്ചയാണ് ഉപ്പ മരിച്ചത്. 'വിശ്രമമില്ലാത്ത അലച്ചിലും സാഹസികമായ യാത്രകളും അനിശ്ചിതത്വങ്ങളും മാനസിക സമ്മർദ്ദങ്ങളും ഭീതികളും മരണാഭിമുഖമായ അപകടങ്ങൾ കൊണ്ട് മുറിവ് പറ്റിയതുമായിരുന്ന ആ ജീവിതം.'

1940-കളിലെ രണ്ടാം ലോകമഹായുദ്ധത്തിന്റെ കേളി കൊട്ടുണരുമ്പോൾ തെക്കെയിൽ അബൂബക്കറിന്റെയും ചെറ്റാറയിൽ പാത്തുണ്ണിമ്മയുടേയും സീമന്തപുത്രനായി 1921-ൽ ജനിച്ച അദ്ദേഹം തന്റെ ഇറങ്ങിപ്പോക്കുകൾ തുടങ്ങിയിരുന്നു.

ബർമയിലെ റങ്കൂണിൽ ബ്രിട്ടീഷ് മിലിറ്ററിയിലെ ജവാനായിരുന്ന അദ്ദേഹമെന്ന് ഒരു തുരമ്പിച്ച ഇരുമ്പ് പെട്ടി പഴയ പെരയിലിരുന്ന് വിളിച്ച പറയാറുണ്ട്. അദ്ദേഹം പറഞ്ഞിരുന്ന ചില പട്ടാളക്കഥകളും ഒഴിഞ്ഞ് മാറിപ്പോയ വെടിയുണ്ടകളും നെടുംപുറത്തെ ഒരു അടയാളത്തെപ്പറ്റിയുമൊക്കെ ഉമ്മയും പറയാറുണ്ട്.

1940-കൾക്ക് ഇടയിലെപ്പോഴോ മൊളാന്തള്ളിപ്പറമ്പിലേക്ക് തെക്കെയിൽ അബൂബക്കറിന്റെ പേരിൽ ചെറ്റാറയിൽ മൊയ്തീന്റെതന്നെ പേരിൽ ചില വസ്തുങ്ങൾ പാർസലായി വന്നിരുന്നത്രേ! വല്ല്യുമ്മയും പെങ്ങമ്മാരും വാവിട്ട് നിലവിളിച്ചു!! ഓതിക്കലൊക്കെ നിശ്ചയിച്ചു. അവിടന്ന് നാലാം ദിവസം ഹയാത്തോടെ അദ്ദേഹം ഹാജരായ കഥ നഫീസ അമ്മായി പറഞ്ഞ് ഞങ്ങളും അറിഞ്ഞു. തറവാടിന്റെ മുകളിലിരുന്ന് വിഷണ്ണരായ പട്ടാള ക്യാമ്പിലെ മുന്നാലു സ്നേഹിതരും ഇടക്ക് തീപിടിച്ച് നിലവിളിക്കാറുണ്ട്. ഇടക്ക് വലിയ കള്ളത്ത് ബണ്ടലടിച്ച് ഇരിക്കുന്ന കൊമ്പൻ മീശ വെച്ച പട്ടാളക്കാരുടെ യിടയിലിരുന്ന് അദ്ദേഹവും കൊമ്പൻ മീശ പിരിച്ച് സൊറകാണുന്നത് ഞാനും കണ്ടിട്ടുണ്ട്. മീശക്കാരൻ മൊയ്തുണ്ണി എന്ന പേരും അദ്ദേഹത്തിന് നാട്ടിലുണ്ട്. രണ്ടാം ലോക മഹായുദ്ധത്തോടെ പട്ടാള ജീവിതമുപേക്ഷിച്ച് പാക്കിസ്ഥാനിലെത്തിയ അദ്ദേഹം നടന്നും ഇരുന്നും കിട്ടിയ കാരവനകളിലൊക്കെ കയറിപ്പറ്റി 1943-ൽ അന്നത്തെ ട്രൂഷ്യൽ സ്റ്റേറ്റിലുമെത്തി. തുടർന്ന് തിരിച്ചുവരവുകളും പോക്കുകളും ഒക്കെ ലോഞ്ചിൽ തന്നെയായിരുന്നു.

കേരളം ജന്മിത്വത്തോടേറ്റ് മുട്ടി നിലവിളിക്കുമ്പോൾ അദ്ദേഹം യു എ ഇ-ലെ വിവിധ എമിറേറ്റുകളിൽ ചോപ്പട കെട്ടി താമസിച്ച് അറബികൾക്ക് ഭക്ഷണം വെച്ച് കൊടുക്കുന്ന ഒന്നാംതരം അറബി കുക്കായി മാറിയിരുന്നു. 1950-കളിൽ അബുദാബിയിൽ ആദ്യമായി ഹോട്ടലിന് ഒരു ലൈസൻസ് കിട്ടിയത് ചെറ്റാറയിൽ മൊയ്തീന്റെ 'താജ്മഹൽ ഹോട്ടലിന് ആയിരുന്നെന്ന് ഇപ്പോൾ ഏകദേശം തൊണ്ണൂറ് വയസ്സുള്ള അവ്വൽ മലബാരിയും പറയുന്നു'. മാധ്യമം ആഴ്ചപ്പതിപ്പിൽ 2018-ൽ അവ്വൽ മലബാരിയുടെ അഭിമുഖം വായിച്ച് ഞങ്ങൾ ഇപ്പോൾ മമ്പാട്ട് എം. ഇ. എസ്സ്-ന് സമീപം താമസിക്കുന്ന അദ്ദേഹത്തെ കാണാൻ ഉപ്പാടെ ഒരു പഴയ ചില്ലിട്ട ഫോട്ടോയുമെടുത്ത് കാണാൻ പോയിരുന്നു.

ചന്തിയിൽ ആനപ്പുറത്തിരുന്ന തഴമ്പിന്റെ കഥകൾ കേട്ട് ഞങ്ങൾ തരിച്ചിരുന്നു.!! അവിശ്വസനീയമായിരുന്ന ആ അബു ഷനബിയൻ കഥകൾ. ഷെയ്ഖ് സാഇദുമായി ചെറ്റാറയിൽ മൊയ്തീനുള്ള അടുപ്പവും സ്നേഹവും സമൂസ വിരുന്നും ബിരിയാണി വെച്ച് ഷെയ്ഖ് സാഇദിന്റെ വീട്ടിൽ പോകുന്നതും വൈകുന്നേരം വരെ അവർ തമ്മിലിരുന്ന് ചെസ് കളിക്കുന്നതും അവ്വൽ മലബാരി ഓർത്തെടുത്ത് കണ്ണീർവാർത്തു. മൊയ്തീൻക്കയെ കാണുമ്പോഴേക്കും യാ... അബൂ ഷനബ് എന്ന് പറഞ്ഞ് ഷെയ്ഖ് സാഇദ് തന്റെ ഖബ്ബറയുടെ ഉള്ളിലേക്ക് മൊയ്തീൻക്കയെ പിടിച്ച ചേർക്കും. തൊണ്ണൂറ് വയസ്സിനോടടുക്കുന്ന അവ്വൽ മലബാരിയോട് ചേർന്ന് നിന്ന് കുറെയേറെ ഫോട്ടോകളെടുത്തു. ആ വിറക്കുന്ന സന്ധിബന്ധങ്ങളിൽ നിന്ന് ഓർമ്മകൾ പുറത്തിറങ്ങി.

അരനൂറ്റാണ്ടിലധികം പഴക്കമുള്ള ഒരു ബ്ലാക് ആന്റ് വൈറ്റ് സിനിമ എരമംഗലം കൊട്ടകയിൽ തറ ടിക്കറ്റിലിരുന്ന് കണ്ട മാറ്റിനി പോലെ ഞങ്ങൾ പകലിന്റെ വെള്ളിവെളിച്ചത്തിലേക്ക് ചൂടും വേവുമെടുത്ത് മുട്ടതട്ടി ഇറങ്ങി. ആരും വിശ്വസിക്കാൻ സാദ്ധ്യതയില്ലാത്ത ഈ പൊട്ടൻ തെയ്യക്കഥ ആരോടും പറയാതെ അടക്കിപ്പിടിച്ച് വെച്ചു. 1950-കളുടെ ആദിയിൽ ആയിരുന്നു ഇവയൊക്കെ. ഷെയ്ഖ് സാഇദ് അന്ന് പ്രസിഡണ്ട് ആയിട്ടില്ല. അദ്ദേഹത്തിന്റെ സഹോദരൻ ഷെയ്ഖ് അബൂത്തിന്റെ ബ്രിട്ടീഷ് അധീന കോളനി ഭരണമായിരുന്നു അന്ന്. ട്രൂഷ്യൽ സ്റ്റേറ്റിൽ, പിന്നീട് പെട്രോളിയത്തിന്റെ ഖനനം തുടങ്ങുകയും ഇദ്ദേഹത്തിന്റെ കൊള്ളരുതായ്മയും കെട്ടകാര്യസ്ഥതയും ഷെയ്ഖ് സാഇദ് ചോദ്യം ചെയ്യുകയും ചെയ്തു. ബ്രിട്ടീഷ് ഒത്താശയോടെ ഷെയ്ഖ് സാഇദ് ഭരണത്തിലേറി. പെട്രോധനത്തിൽ നിന്നും കിട്ടുന്ന വരുമാനം ദേശസാൽക്കരിച്ച് UAE എന്ന രാഷ്ട്രം ഉണ്ടായി. 1971-ലാണ് വിവിധ എമിറേറ്റ്സുകളുടെ ഏകീകരണവും നടന്നു. 1955-നും 1960-നും ഇടയിലായിരുന്നിരിക്കണം ഈ ഷെയ്ഖ് സാഇദ് ചെറ്റാറയിൽ മൊയ്തീൻ സമാഗമങ്ങൾ. അന്ന് ലോഞ്ച് വഴിയോ കപ്പൽ വഴിയോ നഴഞ്ഞ് കയറിയോ ഒക്കെ ആയിരിക്കണം പേർഷ്യക്കാരൻ മൊയ്തുണ്ണിയും തന്റെ കഠിന കഠോരമായ പേർഷ്യൻ പാത പണിഞ്ഞത്. ഏറെക്കുറെ ഒറ്റക്കുള്ള ഒരു നടത്തം. 1955-ലെ ഒരു യാത്രയിൽ ഒരു തൂഫാൻ വന്ന കഥ ഉമ്മയും പറഞ്ഞ് കേട്ടിട്ടുണ്ട്. അന്ന് ഉസ്മാൻക്ക ഗർഭാവസ്ഥയിലാണ്. ഈ സമയത്ത് ഞങ്ങൾ തൊഴവാനൂരെ പറമ്പിന് വടക്കുള്ള ചപ്പയിൽ പറമ്പിൽ ഒരു ചെറ്റപ്പുര വെച്ച് കെട്ടി താമസിക്കുകയാണ്. നാട്ടിലെ വലിയവലിയ ജന്മിമാരുടെ കടികിടപ്പുകാരായി ചട്ടിയും കലവും പായയും ആട്ടിൻപറ്റങ്ങളെയുമേന്തി ഉറുമ്പിൻ പറ്റങ്ങളെപ്പോലെയായിരുന്ന ഉമ്മ അന്ന് മക്കളെയും ഒക്കത്ത് വെച്ച് നടന്നിരുന്നത്. 1947-ൽ ആയിരുന്നു ചെറ്റാറയിൽ മൊയ്തുണ്ണിയുമായുള്ള തവയിൽ ബീവുമ്മയുടെ വിവാഹം.

നിശ്ചയിച്ചുറപ്പിച്ച ആദ്യ വിവാഹക്കാര്യം വേണ്ട എന്ന വെച്ചിട്ടാണ് കാപ്പിക്കാരൻ കഞ്ഞുമുഹമ്മദ് ചുണ്ടിക്കാണിച്ച കൊടുത്ത പേർഷ്യക്കാരന്റെ കാര്യം അമ്മാവൻ അന്വേഷിച്ച ചെല്ലുന്നതും ഉറപ്പിക്കുന്നതും. കോരപ്പന്റെ കായിൽ കയ്യട്ടി എന്ന ജന്മിയുടെ പറമ്പിലെ ഒരു ചായ്ച്ചുകെട്ടിയായിരുന്നു അന്ന് ഉമ്മവീട്. പത്ത് പന്ത്രണ്ട് ഏക്കറിലെ അഞ്ചാറ് ചായ്ച്ചുകെട്ടുകളിലൊന്ന്. മുളാന്തള്ളി പറമ്പിലായിരുന്ന ഉപ്പാന്റെ പെര. അത് ഓലയാണെങ്കിലും തട്ടുള്ള ഒരു ചെറുപുര തന്നെയായിരുന്നു. പറമ്പ് നോട്ടക്കാരനായിരുന്ന ഉപ്പാന്റെ ഉപ്പ. കറുത്ത അവുക്കർ. പറമ്പുനോട്ടം അന്ന് നല്ലവരായ ഉള്ള പരിപാടിയാണ്. വിവാഹം കഴിഞ്ഞ ഉപ്പ ബോംബെ വഴി ലോഞ്ചിൽ ട്രൂഷ്യൽ സ്റ്റേറ്റിലേക്ക് തിരിച്ചുപോയി. മൂന്ന് വർഷം കഴിഞ്ഞ് 1951-ലാണ് പിന്നെ തിരിച്ച വന്നത്. അന്ന് ഞങ്ങൾ എരമംഗലത്തിന് കിഴക്ക് ഭാഗത്തുള്ള കാട്ടിലകായിലാണ് താമസം. കൊണ്ടറാത്തയിൽ പോക്കുട്ടിയായിരുന്ന ജന്മി. ആറുമാസം നാട്ടിൽ നിന്ന് തിരിച്ച പോകുമ്പോൾ ഉമ്മ ഗർഭിണിയായിരുന്നു. രണ്ട് കുട്ടികളുമായി ഉമ്മ കാട്ടിലെ പറമ്പിൽ മൂന്ന കൊല്ലം പാർത്തു. പിന്നെ കുടിയിറക്കപ്പെട്ട് ഉപ്പയുടെ തറവാട്ടിലേക്ക് പോയെങ്കിലും അമ്മായിയമ്മപ്പോര് കാരണം ചെമ്പേലകായിൽ ഉമ്മയുടെ ആങ്ങളയും അനിയത്തിയും വല്യുമ്മയുമടങ്ങുന്ന ചെറുകുടുംബത്തോടൊപ്പം കോരാച്ചൻ കളങ്ങര പറമ്പിൽ ഒരു ചെറ്റപ്പെര വെച്ച് കെട്ടി പാർപ്പ് തുടങ്ങി.

ഈ അടുത്ത കാലത്ത് ഒരു നാടൻ കൈക്കോട്ട് കിളക്കാരനെ തേടി എരമംഗലത്ത് ഒന്നു കറങ്ങേണ്ടി വന്ന എനിക്ക്. പറമ്പിൽ കൈവഴക്കമുള്ള ഒരു പണിക്കാരന്റെ മണ്ണിന്റെ മനസ്സറിയുന്ന ഒരു കൈക്കോട്ട് ഇളകി മറിഞ്ഞിട്ട് കാലം കുറച്ചായി. അങ്ങനെയാണ് ഘോര രാക്ഷസ കളങ്ങരയുള്ള ആ ഒഴിഞ്ഞ തെങ്ങിൻ പറമ്പിലേക്ക് കാലെടുത്ത് വെയ്ക്കുന്നത്. അവിടെ കുറവങ്ങാട്ട് കൃഷ്ണൻകുട്ടി എന്ന കൈക്കോട്ട് കിളക്കാരനുണ്ടെന്ന് താഴത്തേൽ പടിയില്ലുള്ള കാലിൽ മുളയുള്ള താമിയേട്ടൻ പറഞ്ഞിരുന്നു. ഓടിട്ട ഒരു ചെറിയ വീട്. ഒരു കരിയറുള്ള മണ്ട സൈക്കിളിൽ ഒരു മണ്ട കൈക്കോട്ടിൽ നിന്ന പച്ചമണ്ണ് ചപ്പയിൽ താമസിക്കുന്ന കാലത്ത് ഉപ്പ അവിടേക്ക് വന്നിട്ടുണ്ട്. പതിവുപോലെ എടപ്പാൾ കേലൊളമ്പ് വഴി വഞ്ചി കയറി മാറഞ്ചേരി പിന്നെ ഒരു ചുമട്ടുകാരനെ കൂട്ടി എരമംഗലത്തെത്തി. പേർഷ്യക്കാരനെ കാണാൻ നാട്ടിലുള്ളവരൊക്കെയെത്തി. വന്നവർക്കൊക്കെ ലിപ്ടന്റെ ടീബാഗും, പെൻടോർച്ചും സിൽക്കിന്റെ കുപ്പായത്തുണിയും പേർഷ്യക്കാരൻ സമ്മാനമായി നല്കി. അബ്ദു അധികാരിയെക്കണ്ട് കാണപ്പണത്തിലെ ബാക്കി തീർത്തു. അധികാരിക്ക് വിദേശ സിഗരറ്റും തുർക്കിത്തൊപ്പിയും വെള്ളിയുടെ കപ്പം സാസറും ഒരു തായ്വന്റെ ബ്ലാങ്കറ്റും കൊടുത്തു. മകരമഞ്ഞിന്റെ തണുപ്പിൽ അധികാരി തന്റെ കട്ടിലിലെ കോസടിയിൽ വീടരെയും കെട്ടിപ്പിടിച്ച് രണ്ട് തട്ടുള്ള ആ ഓടിട്ട വീട്ടിൽ അന്ന് സ്വസ്ഥമായി കിടന്ന് ഉറങ്ങി.

1957 ഏപ്രിൽ 11

ആ പ്രാവശ്യം ഉപ്പ തിരിച്ച പോകാൻ കുറച്ച സമയമെടുത്തു. മണ്ണപാടത്ത് ചെറുകത്തിവെച്ച് ഒരു ചായ പീടിക തുടങ്ങി. അങ്ങനെ ബോംബെയിൽ നിന്ന് മണ്ണൂരയിൽ മൊയ്തുവിന്റെ കത്ത് വന്നപ്പോൾ പെട്ടെന്ന് യാത്ര തീരുമാനിച്ച് പെരയിറങ്ങി. ഉമ്മ മൂന്നാമതും ഗർഭിണിയായിരുന്നു. തിരിച്ച പോക്ക് ബോംബെയിൽ നിന്ന എളുപ്പമായിരുന്നില്ല. എങ്കിലും ദീർഘമായ കാത്തിരിപ്പിനൊടുവിൽ കള്ളപ്പാസിൽ കപ്പലിലായിരുന്നത്രേ യാത്ര!

കപ്പൽ ദുബായ് തീരത്ത് വെച്ച് തൂഫാനിൽപ്പെട്ടു. രണ്ട് മാസം പുറങ്കടലിൽ കുടുങ്ങി. ആ സമയങ്ങളിലായിരുന്നത്രേ ഉമ്മാക്ക് നൊമ്പരം പിടിച്ചതും പ്രസവിച്ചതും. ആ പൈതലിന്റെ നാളിന്റെ ബർക്കത്ത് കൊണ്ടായിരുന്നത്രേ ഉപ്പയും കപ്പലും ആൾക്കാരും തൂഫാനിൽ നിന്നും രക്ഷപ്പെട്ടത്. മുഹമ്മദ് ഉസ്മാൻ എന്ന് ആ കുട്ടിക്ക് പേരിട്ടു. കാര്യങ്ങൾ പിന്നെയും കഴഞ്ഞു. കമ്യൂണിസ്റ്റുകാർ നാട്ടിൽ മുളച്ച് പൊന്താൻ തുടങ്ങിയിരിക്കുന്നു. മര്യാദപ്പാട്ടം ആവശ്യപ്പെട്ട് കർഷക സംഘത്തിന് യോഗം കൂടാൻ ചായക്കാരൻ മാമുണ്ണി ചായപീടികയുടെ ഒഴിഞ്ഞ മുൻഭാഗം അനുവദിച്ച് കൊടുത്തതിനും പാർട്ടിക്ക് സൗജന്യമായി ചായ കൊടുത്ത വിവരവും ഞങ്ങളുടെ ജന്മിയും കമ്യൂണിസ്റ്റ് പാർട്ടിയുടെ ശത്രുവുമായ അബ്ദു അധികാരി അറിഞ്ഞു. വിവരമറിഞ്ഞ് ഉമ്മ കൂടുതൽ പ്രശ്നങ്ങൾക്കൊന്നും നില്ക്കാതെ മുളാന്തള്ളി പറമ്പിലേക്ക് മൂന്ന കുട്ടികളേയും കൂട്ടി ഒന്നിനെ ഒക്കത്തും വെച്ച് കുടിയിറങ്ങി. നാലാമത്തെ കുടിയിറക്കം.

നാടായ നാടൊക്കെ ഒഴിഞ്ഞ് കിടക്കുന്ന തെങ്ങിൻ പറമ്പാണ്. പക്ഷേ, ഒക്കെ വലിയ വലിയ ജന്മിമാരുടെ കൈയിലാണ്. ഒക്കേത്തിലും നാലും അഞ്ചും കുടിയിരിപ്പുകളുണ്ട്. നിവൃത്തിയൊന്നുമില്ല! ഇനി എന്ത് ചെയ്യും? മൂന്ന് കൊല്ലം ആശ്വാസത്തോടെ പാർത്ത ഇരിക്കുമ്പോഴാണ് ഇല്ലാതാവുന്നത്. നട്ടു നനച്ച് വളർത്തിയ മാവും പിലാവും തെങ്ങിൻ തൈയുമൊക്കെ ഒന്ന് തെളിഞ്ഞു വന്നതായിരുന്നു.

ഉമ്മാടെ ഉമ്മയും ആങ്ങളയും അനിയത്തി കദിയുവും അവിടെ താമസിച്ചോട്ടെ! അധികാരി കുടിയിറക്കാൻ പോക്കിരികളുമായി എപ്പോഴാണ് വരുന്നത് എന്നറിയില്ല. ഇതിനിടയിൽ മുളാന്തള്ളിപറമ്പിൽ ഒരു പത്ത് സെന്റ് പുഴക്കര ചേന്നാസിൽ നിന്ന് മേൽച്ചാർത്ത് വാങ്ങി അതിൽ ചെറിയ മൺകുര വെച്ചു. പിന്നെ 1963-ലായിരുന്നു ഉപ്പാടെ വരവ്. കൈയിലുണ്ടായിരുന്ന ആയിരം ഉറുപ്പിക കൊണ്ട് മേൽച്ചാർത്തിന്റെ പണവും മൺപുര കെട്ടിയതിലുള്ള കടവും വീടി. സ്വസ്ഥമായി ആ ദമ്പതികൾ അവിടെ കഴിഞ്ഞു. അഞ്ചാമത്തെ പാർപ്പിടമായിരുന്ന അത്. മക്കളൊക്കെ വലുതായി. മൂത്ത പുത്രൻ പത്താംക്ലാസിൽ വന്നേരി ഹൈസ്കൂളിൽ, രണ്ടാമത്തെ പെൺകുട്ടി ഫാത്തിമ എന്ന പാത്ത മൂന്നാം ക്ലാസ് വരെ പഠിച്ച് പഠിപ്പ് നിർത്തി. ഉമ്മാടെ ന്യായം. തായാദികളെ നോക്കണം എന്നതായിരുന്നു. മൂന്നാമത്തെ മകൻ ഉസ്മാന്റെ താഴെ ഒരു പെൺകുട്ടിയെ കൂടി ഉമ്മ പ്രസവിച്ചിരുന്നു. അവളായിരുന്നു കുഞ്ഞു ആസ്യ. ഉസ്മാൻ നാലാം ക്ലാസിലാണ് പഠിക്കുന്നത്. അത്കും മുന്നേ മറ്റു ചില സംഭവങ്ങളും നടന്നിരുന്നു. ഒന്നാമത്തെ സംഭവം ചപ്പയിലെ പറമ്പും വീടും ഉപ്പയുടെ നിർദ്ദേശ പ്രകാരം അമ്മാവനെ ഏല്പിച്ചാണ് ഉമ്മയും മൂന്ന് കുട്ടികളും അവിടെ നിന്ന് പോന്നത്. കമ്മ്യൂണിസ്റ്റ്കാർക്കെതിരിലും മര്യാദ പാട്ട സംഭവത്തിലും അബ്ദു അധികാരി കലിതുള്ളി ഇരിക്കുകയാണ്. എങ്കിലും ഉമ്മയുടെ ആങ്ങളയും പെറ്റമ്മയും അവിടെ പൊറുതിയില്ലെങ്കിലും അവിടെ പാർപ്പ് തുടങ്ങി. ഇതിനിടയിൽ അമ്മാവന്റെ കല്യാണം കഴിഞ്ഞു. കഞ്ഞുകുട്ടി പരാധീനങ്ങളുമായി. 'ഞാൻ പേർഷ്യക്കാരൻ മൊയ്തുണ്ണിക്കാണ് സ്ഥലം കൊടുത്തത്. ഓൻ ഞാനറിയാതെ മറ്റൊരാളെ എങ്ങിനെയാണ് അവിടെ താമസിപ്പിക്കുക. ഓൻക്ക് ഈ അബ്ദു അധികാരി ആരാണെന്ന് ഞാൻ പഠിപ്പിക്കും'. ചെവിടിലെ എഴുന്ന് നില്ക്കുന്ന രോമം വിറപ്പിച്ച് അയാളുടെ രോഷാകുലമായ ഉറഞ്ഞു തുള്ളൽ നേവി ഔക്കർവഴി ഉമ്മയുടെ ചെവിട്ടിലുമെത്തി. 'അധികാരിക്ക് കൊടുത്ത പണവും പോയല്ലോ? ആ മനിസൻ കണ്ണെത്താ ദൂരത്ത് കൊടും ചൂടിൽ തിന്നാനും കടിക്കാനും ഇല്ലാതെ കുട്ട കാറി ഉണ്ടാക്കിയ കായി അല്ലേ... അന്യാധീനമായി പോകുന്നത്.

അങ്ങിനെയിരിക്കെയാണ് 1957-ൽ ഏപ്രിൽ 11-ന് റേഡിയോവിലൂടെ ആ അറിയിപ്പ് വന്നത്.

കുടിയിറക്ക് നിരോധന നിയമം 1957
ഏപ്രിൽ 11-ന്.

രാത്രി അങ്ങിനെ നീണ്ടു നിവർന്ന കിടക്കുകയാണ്. അങ്ങാടിയിൽ അവിടെ മൂന്ന മുറി നിരപ്പലകയുള്ള തന്റെ പീടികയിൽ ചിമ്മിനി വിളക്കിന്റെ പേടിച്ച രണ്ട വെളിച്ചത്തിലിരുന്ന് കച്ചവടം ചെയ്യുകയാണ് ചായക്കാരൻ മാമുണ്ണി. മൂന്ന മുറിയിൽ രണ്ട് മുറിയിൽ നിറച്ചും വിവിധ തരത്തിലുള്ള കളിമൺ പാത്രങ്ങളാണ്. ഒരു മുറിയിൽ ചായക്കച്ചവടവും. സമോവറിൽ വെള്ളം തിളച്ച കിടക്കുന്നുണ്ട്. ചെറിയ ചില്ലലമാരിയിൽ ഒന്ന രണ്ടു പഴംപൊരിയുണ്ട്. ബാക്കി വന്ന സുഖിയൻ പൊരികളും. ഇനി ചായ കുടിക്കാൻ വരുന്നവർ കുറവാണ്. പാത്രം വാങ്ങാനോ, ഉണക്കമീൻ, ചൂടിക്കയർ, വള്ളിക്കൊട്ട, മത്തോക്ക്, പറങ്കിക്കിഴങ്ങ് എന്നിവയൊക്കെ വാങ്ങാൻ വരുന്ന ആരെങ്കിലും വന്നാലായി. അയാൾ തന്റെ നാല് കട്ട ബാറ്ററിയുടെ രണ്ട് ബാൻഡുള്ള ചെറിയ മർഫി റേഡിയോ ഓൺ ചെയ്തു. അളിയൻ മൊയ്തുണ്ണി കഴിഞ്ഞ വരവിന് പേർഷ്യ രാജ്യത്ത് നിന്ന് വന്നപ്പോൾ കൊടുത്തതാണ് ഈ റേഡിയോ. വാർത്ത വായിക്കുന്ന നേരമായി. എരമംഗലം അങ്ങാടിയിലെ തന്റെ നിരപ്പലകയിട്ട മൂന്നുമുറി പീടികയിലിരുന്ന് സ്റ്റേഷൻ പിടിച്ച് പ്രാദേശിക വാർത്തകൾ കേട്ടുകൊണ്ടിരിക്കുകയാണ് ഇരുപത്തേഴുകാരനായ ചായക്കാരൻ മാമുണ്ണി. 'കേരള നിയമസഭ ഇന്ന് കുടിയിറക്ക് നിരോധന നിയമം ഒരു ഓർഡിനൻസിലൂടെ പാസാക്കിയിരിക്കുന്നു.' വാർത്ത കേട്ടപാടെ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ ഒരു നിപ്പെരുള്ള് കിട്ടാതെ തുറന്ന് വെച്ചിരിക്കുന്ന പീടികയിൽ നിന്നും അയാൾ പുറത്തേക്ക് ഇറങ്ങി. ആനക്കോൾ പൊട്ടി ചിറ വെള്ളം കുത്തിയൊലിച്ച് പുഞ്ചപ്പാടങ്ങളിൽ പടരുന്ന പോലെ അയാളുടെ വെന്ത് നീറിയ ഖൽബിലേക്കും ആ നനവ് പടർന്നിറങ്ങി. സാധനങ്ങൾ എടുത്തു കൊടുക്കുന്നതൊക്കെ തെറ്റി. രണ്ട് കിലോ മത്തോക്ക് തൂക്കിക്കൊടുക്കേണ്ട ആൾക്ക് രണ്ട് കിലോ ഉണക്കമുള്ളൻ തൂക്കിക്കൊടുത്തു. അറവുകാരൻ കഞ്ഞു തെറി പറഞ്ഞതൊന്നും വകവെക്കാതെ അയാൾ അപ്പുറത്തെ ബാർബർ കുമാരന്റെ കടയിലേക്ക് എത്തിനോക്കി. നേരെ അയ്യപ്പ വിലാസം ഹോട്ടലിലേക്ക് കയറിച്ചെന്നു. അവിടെ വാർത്ത കേൾക്കുന്നവർ ധാരാളമുണ്ട്. മാമുണ്ണി പ്രധാന വാർത്തക്ക് പിന്നേയും ചെവിയോർത്തു. സന്തോഷം കൊണ്ട് അയാൾക്ക് കരച്ചിൽ വന്നു.

അയാൾ മൺപാത്രങ്ങളും ഉണക്കമീനും ഉണക്കമത്തോക്കും നിരന്നിരിക്കുന്ന പീടികയിലെ ചിമ്മിനി വെട്ടത്തിലേക്ക് നോക്കി. എന്തൊരു പ്രകാശമാണ് ഇപ്പോൾ തന്റെ പീടികക്ക് ഉള്ളത്. ഈ സന്തോഷവർത്തമാനം തന്റെ ഉറ്റ ചങ്ങാതിയായ അച്യുണ്ണിയോട് പറയാൻ അയാളുടെ മനസ്സ് വെമ്പി. ചിമ്മിനി വിളക്ക് ഊതിക്കെടുത്തി നിരപ്പലകയിട്ട് ഓടാമ്പലയിട്ട് പൂട്ടി അയാൾ വീട്ടിലേക്ക് നടന്നു. നാളെയാണ് അബ്ദു അധികാരിയുമായി ഉള്ള കേസ് അവസാന അവധിക്ക് വെച്ച് വിധി പറയാനായി വെച്ചിരിക്കുന്നത്. ഏപ്രിൽ പന്ത്രണ്ടിന്, കുടികിടപ്പ് ഒഴിഞ്ഞ് കൊടുക്കാൻ വേണ്ടിയുള്ള കേസ്. കേസ് ജന്മിക്ക് അനുകൂലമായി വിധി വരും എന്നാണ് മേനോൻ വക്കീല് പറഞ്ഞത്. ആ ദുരന്ത വിധി പ്രതീക്ഷിച്ചിരിക്കവേയാണ് തലേദിവസം ഏപ്രിൽ 11-ന് ഇന്നത്തെ റേഡിയോ വാർത്തയിൽ കുടിയൊഴിക്കൽ നിരോധിച്ചുള്ള നിയമം പാസായ അറിയിപ്പ് കേൾക്കുന്നത്. ചപ്പയിൽ പറമ്പിലെ പെരയിലെത്തിയപ്പോഴേക്കും കേസിന്റെ കാര്യങ്ങളറിയാവുന്ന അച്യുണ്ണിയും നാട്ടിലെ നാലഞ്ച് സഖാക്കളും മുറ്റത്ത് നില്പുണ്ടായിരുന്നു. വിളക്കിൽ നിന്നും ഒരു സിംഹം ബീഡി കത്തിച്ച് സഖാവ് സി. കെ. പറഞ്ഞു.

'അല്ല മാമുണ്ണി. വിവരമറിഞ്ഞില്ലേ?' 'റേഡിയോവിൽ വാർത്ത കേട്ടിരുന്നോ? കുടിയിറക്കിനെതിരെ നിയമം വന്നു!! ഇനി കേസിനൊന്നും വിലയില്ല.' അധികാരി വടി പിടിച്ചു. സഖാക്കൾ യാത്ര പറഞ്ഞു. അടുത്ത കുടിയിരിപ്പായ കൈതവളപ്പിൽ വേലായിയുടെ പുരയിലേക്ക് നടന്നു. ചിങ്ങം, കന്നി, മകരം എന്നിങ്ങനെയുള്ള മലയാള മാസങ്ങൾ മാത്രം അറിയുന്ന ചായക്കാരൻ മാമുണ്ണിക്ക് ആകപ്പാടെ ഒരു ഇംഗ്ലീഷ് മാസവും തീയതിയുമേ ജീവിതാവസാനം വരെ അറിയൂ. അത് ഏപ്രിൽ പതിനൊന്ന് എന്ന ആ ഒറ്റതീയതിയാണ്. എരമംഗലത്ത് ഏപ്രിൽ 11-ന്റെ അനുഗ്രഹം കിട്ടാത്തവർ വലിയ വലിയ തറവാട്ടുകാരും ഭൂസ്വാമിമാരും പിന്നെ എട്ട് തവണ 36 വർഷം മാറി മാറി താമസിച്ച തവയിൽ ബീവുമ്മയും പേർഷ്യക്കാരൻ മൊയ്തുണ്ണിയും മാത്രമാണ്. പിന്നെ നിയമം വരുമെന്നറിഞ്ഞ് ജന്മിയുടെ ബിനാമിയായ ഭൂമി രജിസ്റ്ററാക്കിയ ചില കാര്യസ്ഥന്മാരുമായിരുന്നു. തെക്കാമലെ പറമ്പിൽ 4 പേർക്കും അറക്കപ്പറമ്പിൽ ബാപ്പുട്ടിഹാജി 13 പേർക്കും മുളാന്തള്ളി പറമ്പിൽ 7 പേർക്കും വടക്കത്തേലെ പറമ്പിൽ 8 പേർക്കും ചെമ്പേലകായിൽ 11 പേർക്കും ഞങ്ങളുടെ ഇട്ടാവട്ടങ്ങളിൽ കുടിയൊഴിക്കൽ നിരോധനത്തിന്റെ അനുഗ്രഹം കിട്ടിയ ചില കാട്ടുപ്പുല്ലുകളായിരുന്നു.

□

ഷൗക്കത്തലീ ഖാൻ

പൊന്നാനിയിലെ എരമംഗലം സ്വദേശി. എരമംഗലത്തെ എൽ. പി., യു. പി. സ്കൂളുകൾ പൊന്നാനി എ. വി. ഹൈസ്കൂൾ കോഴിക്കോട്ട് ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ആനുകാലികങ്ങളിൽ എഴുതുന്ന 5 പുസ്തകങ്ങൾ. ആസുരനക്രങ്ങൾ, പൊത്ത് (കവിത സമാഹാരങ്ങൾ) വന്നേരിയുടെ വഴിയടയാളങ്ങൾ, (ചരിത്രം) കാഞ്ഞിരവും കാരമുൾക്കാടും (ഓർമ്മ) കണ്ടാരി (നോവെല്ല) എന്നിങ്ങനെ. തിരൂരിലെ എസ്. എസ്. എം. പോളിയിൽ ജീവനം.

ഭാര്യ: ആരിഫ
കുട്ടികൾ: മുബഷിറ, സ്തുതി, ആയിഷ സന.

ചിത്രങ്ങൾ: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014